സബ്സിഡിയായി ഒരു കക്കൂസിന് റ്റി.എസ്.സി.-യും ത്രിതല പഞ്ചായത്തുകളും ചേർന്ന് നല്കുന്നു. സ്കൂൾ കക്കൂസിന് ഒരു യൂണിറ്റിന് 20,000 രൂപയും അംഗൻവാടി കക്കൂസിന് 5000 രൂപയുമാണ് നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇവയ്ക്ക് യഥാക്രമം 18000 രൂപയും, 4500 രൂപയുമാണ് സബ്സിഡിയായി നല്കുന്നത്.

(ഡി) വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

വടക്കാഞ്ചേരി-ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലെ എസ്. ജി. ആർ. വൈ. പദ്ധതി

109 [2612] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-05-ൽ എസ്. ജി. ആർ. വൈ. പദ്ധതിയിൽ വടക്കാഞ്ചേരി ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് എത്ര അരി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലിന് ഭക്ഷണം പദ്ധതിയിൽപ്പെടുത്തി ഏതെല്ലാം നിർമ്മാണ പ്രവർത്തികളാണ് ഈ ബ്ലോക്ക് പഞ്ചായത്തുകളിൽ നിർവ്വഹിച്ചിട്ടുള്ളതെന്നതിന്റെ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004-05-ൽ എസ്. ജി. ആർ. വൈ. പദ്ധതിയിൽ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 143.630 ടൺ ഭക്ഷ്യധാന്യവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന് 343.291 ടൺ ഭക്ഷ്യധാന്യവും അനുവദിച്ചിട്ടുണ്ട്.

(ബി) 2004-05 വർഷത്തിൽ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തുകളിലേക്ക് എസ്. ജി. ആർ. വൈ. (പ്രത്യേക ഘടക പദ്ധതി പ്രകാരം) അനുമതി നല്കിയ നിർമ്മാണ പ്രവർത്തികളുടെ വിശദവിവരം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.† ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2004-05 വർഷത്തിൽ 126.525 ടൺ ഭക്ഷ്യധാന്യവും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് 510.536 ടൺ ഭക്ഷ്യധാന്യവും എഫ്. സി. ഐ-ൽ നിന്നും എടുത്തിട്ടുണ്ട്.

തോട്ടക്കാട്-എരഞ്ഞിക്കോട് റോഡ്

110 [2613] ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) മലപ്പുറം ജില്ലയിൽ അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ തോട്ടക്കാട്-എരഞ്ഞിക്കോട് യൂണിറ്റി കോളേജ് റോഡിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly